# യേശുവിൻറെ സൗമ്യതയും നന്മയും

സാക് പുന്നൻ

WFTW 23 ജൂലൈ 2017

സ്നേഹത്തിൻറെ ഒരു അടയാളമാണ് സൗമ്യത. യേശു എല്ലാവരോടും സൗമ്യത ഉള്ളവനായിരുന്നു, പ്രത്യേകിച്ച് ജീവിത ഭാരങ്ങളാൽ തകർക്കപ്പെട്ടവർക്ക്. പാപത്തിൻറെ ആഴത്തിലേക്ക് വീണുപോയവരെ യേശു വിശേഷാൽ സ്നേഹിച്ചു. അങ്ങനെയുള്ളവരെ രക്ഷിക്കുവാനാണ് അവിടുന്നു വന്നത് കാരണം അവർ മറ്റുള്ള എല്ലാവരാലും ത്യജിക്കപ്പെട്ടവരാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, ക്രൂശിലെ കള്ളൻ, ത്യജിക്കപ്പെട്ട കുറ്റവാളികൾ; ഇതുപോലെയുള്ളവരെ പൊക്കി എടുത്ത് അവരെ പ്രോത്സാഹിപ്പിക്കുവാൻ യേശു പോയി. ആ ബലഹീനരായ പാപികളിൽ ഉള്ള നല്ല കാര്യങ്ങൾ അവിടുന്നു കാണുകയും എല്ലാവരിലും ഉള്ള ഏറ്റവും നല്ലതിനു വേണ്ടി പ്രത്യാശിക്കുകയും ചെയ്തു. അദ്ദേഹം തങ്ങളോട് കൂടെ ആയിരിക്കണമെന്ന് മറ്റുള്ളവർ വളരെ ആഗ്രഹിക്കത്തക്കവിധത്തിലുള്ള ആളായിരുന്നു യേശു എന്ന് നിങ്ങൾക്കറിയാമോ, കാരണം അവിടുന്ന് അത്രമാത്രം അപരചേതോവികാരങ്ങൾ ഗ്രഹിക്കുവാൻ സന്മനസ്സുള്ളവനും, അത്ര ദയയുള്ളവനും, അത്ര ശാന്തനും ആയിരുന്നു. യേശുവിനെ ഒഴിവാക്കിയവർ ആരായിരുന്നു? അവർ നിഗളികളും, കാപട്യക്കാരും, തങ്ങളുടെ രഹസ്യ പാപങ്ങളെ യേശു തുറന്നുകാട്ടുമെന്ന് ഭയപ്പെട്ടവരുമായിരുന്നു.

മത്തായി 12:20ൽ നാം ഇപ്രകാരം വായിക്കുന്നു, ‘ ചതഞ്ഞ ഓടയേശു ഒടിക്കുകയില്ല, പുകയുന്ന തിരി കെടുത്തികളയുകയുമില്ല‘. ഒരു ഓട തണ്ട് (ഞാങ്ങണ) എന്നു പറയുന്നത് വളരെ ചെറിയ ഒരു വസ്തുവാണ്. അത് ഒടിഞ്ഞോ ചതഞ്ഞോ പോയാൽ മിക്ക ആളുകളും അത് ദൂരെ വലിച്ചെറിഞ്ഞിട്ട് മറ്റൊരു ഓടത്തണ്ട് എടുക്കും, കാരണം അത് വളരെ വിലകുറഞ്ഞ ഒരു വസ്തുവാണ്. എന്നാൽ യേശു അങ്ങനെ ചെയ്യുകയില്ല. വളരെ മങ്ങികത്തിക്കൊണ്ടിരിക്കുന്ന ഒരു തിരിയെ, യേശു ഊതി കത്തിക്കും. അതാണ് അവിടെ പറഞ്ഞിരിക്കുന്നത്. പുകയുന്ന തിരി അവിടുന്ന് കെടുത്തികളയുകയില്ല. നിങ്ങൾ ഒരു ചതഞ്ഞ ഓട പോലെയാണെങ്കിൽ ബലഹീനനും, നിങ്ങളുടെ ജീവിതത്തിൻറെ അധികഭാഗം തകർക്കപ്പെട്ടതും ആണെങ്കിൽ, യേശു നിങ്ങൾക്കുവേണ്ടി കരുതുന്നു. നിങ്ങൾ ഒരു ചതഞ്ഞ ഓട പോലെയോ, മങ്ങികത്തുന്ന തിരി പോലെയോ, അണയാൻ പോകുന്ന ഒരു തിരി പോലെയോ ആണെങ്കിൽ പോലും അവിടുത്തെ ഹൃദയത്തിൽ നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള പൂർണ്ണമായ പദ്ധതിയിലേക്ക് നിങ്ങളെ തിരിച്ചു കൊണ്ടുവരുവാൻ അവിടുത്തേക്കു കഴിയും.

യേശു ആളുകളിലുള്ള നല്ല കാര്യങ്ങളെ കണ്ടു. എപ്പോഴും അവിടുന്ന് ഏറ്റവും നല്ലതിനുവേണ്ടി പ്രത്യാശിച്ചു. അവിടുത്തെ സ്നേഹം മനോവികാരപരമായിരുന്നില്ല. അവിടുന്ന് എപ്പോഴും ഏറ്റവും ഉന്നതമായ നന്മ അന്വേഷിച്ചു. അതുകൊണ്ടാണ് അവിടുന്ന് പത്രൊസിനെശാസിക്കാൻ കഠിനമായ താക്കീതിൻറെ വാക്കുകൾ ഉപയോഗിച്ചത്. നിങ്ങൾ ആളുകളെ സ്നേഹിക്കുന്നില്ലെങ്കിൽ അവരെ കഠിനമായി ശാസിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. യാക്കോബും യോഹന്നാനും ബഹുമതിയുള്ള സ്ഥാനങ്ങൾ അന്വേഷിച്ചപ്പോൾ, അവിടുന്ന് അവരെ ശാസിച്ചു. ശമര്യരുടെ മേൽ തീ ഇറക്കുവാൻ അവരാഗ്രഹിച്ചപ്പോൾ അവിടുന്ന് അവരെ ശാസിച്ചു. അവിടുന്ന് തൻറെ ശിഷ്യന്മാരെ അവിശ്വാസത്തിൻറെ പേരിൽ ഏഴുതവണ ശാസിച്ചു എന്തുകൊണ്ട്? കാരണം അവിടുന്ന് അവരെ സ്നേഹിച്ചു. അവിടുന്ന് അവർക്കുവേണ്ടി കരുതുന്നില്ലായിരുന്നെങ്കിൽ, അവിടുന്ന് അവരെ തിരുത്തുകയേ ഇല്ലായിരുന്നു. അവർ നരകത്തിലോ അല്ലെങ്കിൽ മറ്റെവിടെ പോയാലും അവിടുന്ന് വിഷമിക്കുമായിരുന്നില്ല.

അതുകൊണ്ട് നാം കാണുന്നത്, സത്യം സംസാരിക്കുവാൻ യേശു ഭയപ്പെട്ടിരുന്നില്ല, അത് മറ്റുള്ളവരെ മുറിവേൽപ്പിക്കുന്നതായാൽ പോലും, കാരണം അവിടുന്ന് അവരെ സ്നേഹിച്ചു.

അവരുടെ നിത്യമായ നന്മയെക്കുറിച്ച് അവിടുത്തേക്ക് കരുതൽ ഉണ്ടായിരുന്നു. ദയാലു എന്നറിയപ്പെടുന്നതിലുള്ള ഒരു പ്രശസ്തി അവിടുന്ന് അന്വേഷിക്കുകയായിരുന്നില്ല. ശക്തമായ വാക്കുകൾ പറഞ്ഞാൽ ദയയ്ക്കുള്ള തൻറെ പ്രശസ്തി നഷ്ടപ്പെട്ടു പോകുകമോ എന്ന കാര്യത്തിൽ അദ്ദേഹത്തിന് ഭാരമില്ലായിരുന്നു. ഇല്ല അവിടുന്ന് തന്നെത്താൻ സ്നേഹിച്ചതിലുപരി മറ്റുള്ളവരെ സ്നേഹിച്ചു. അതു കൊണ്ട്, മറ്റുള്ളവരെ സഹായിക്കുവാൻ വേണ്ടി തൻറെ കീർത്തി യാഗം ആക്കുവാൻ അവിടുന്നു തയ്യാറായിരുന്നു. സത്യം സംസാരിക്കുന്നതിൽ അദ്ദേഹം അചഞ്ചലനായിരുന്നു കാരണം മനുഷ്യർ നിത്യമായി നശിച്ചു പോകുന്നത അവിടുത്തേക്ക് ഇഷ്ടമല്ലായിരുന്നു. അത്യന്താപേക്ഷിതമായി, ഒറ്റവാക്കിൽ, നമുക്ക് ഇങ്ങനെ പറയാം, തന്നെക്കുറിച്ചുള്ള മനുഷ്യരുടെ അഭിപ്രായത്തെക്കാൾ യേശുവിന് കാര്യമായിരുന്നത് അവരുടെ നിത്യക്ഷേമമായിരുന്നു.

ഒരു യഥാർത്ഥ ക്രിസ്ത്യാനി, മറ്റുള്ളവരെ അഭിമുഖീകരിക്കുമ്പോൾ അതുപോലെ ആയിരിക്കും, അവർക്ക് അവനെക്കുറിച്ചുള്ള എല്ലാ അഭിപ്രായങ്ങളെക്കാൾ അവൻ കാര്യമാക്കുന്നത് അവരുടെ നിത്യക്ഷേമമായിരിക്കും. പത്രൊസ് ഒരിക്കൽ കൊർന്നേലിയോസിൻറെ ഭവനത്തിലായിരുന്നപ്പോൾ, അദ്ദേഹം യേശുവിൻറെ ശുശ്രൂഷയെക്കുറിച്ച് അവരോടു പറയുകയായിരുന്നു. യേശുവിൻറെ മുഴുവൻ ശുശ്രൂഷയും ഒറ്റവാചകത്തിൽ അദ്ദേഹം ഒതുക്കി. ' യേശു നന്മചെയ്തും പൈശാചിക ശക്തിക്ക് അധീനരായിരുന്നവരെ വിടുവിച്ചും കൊണ്ട് സഞ്ചരിച്ചു' (അപ്പൊ പ്ര.10:38).യേശുവിൻറെ ശുശ്രൂഷ എന്തായിരുന്നു എന്നു നിങ്ങൾ കണ്ടോ? നന്മ ചെയ്തു കൊണ്ട്, പ്രസംഗിക്കുക മാത്രം ചെയ്തു കൊണ്ടല്ല. മനോഹരമായ വാക്കുകൾ പറഞ്ഞുകൊണ്ട് മാത്രമല്ല, എന്നാൽ യഥാർത്ഥത്തിൽ മനുഷ്യർക്കു നന്മചെയ്തു കൊണ്ടും പിശാചിൻറെ ഞെരുക്കലിൽ നിന്ന് അവരെ വിടുവിക്കുകയും ചെയ്തു കൊണ്ട്. അവിടുന്ന് ആത്മാക്കളെ നേടുവാൻ മാത്രമല്ല ആഗ്രഹിച്ചത്. അവിടുന്ന് ഒരു മനുഷ്യനെ അശേഷം സ്നേഹിച്ചു. അവൻറെ ആത്മീകവും ഭൗതികവുമായതിനെ.

അവിടുത്തേക്ക് മനുഷ്യൻറെ ഭൗതിക ആവശ്യങ്ങളെക്കുറിച്ച് കരുതലുണ്ടായിരുന്നു. ഒരിക്കൽ 3 ദിവസങ്ങളായി തന്നോടു കൂടെ 4000 ൽ അധികം പേർ ഉണ്ടായിരുന്ന ഒരു സന്ദർഭം ഉണ്ടായിരുന്നു. മത്തായി 15 ൽ നാം അതു വായിക്കുന്നു. മൂന്നു ദിവസങ്ങളിലും അവർ ഒന്നും ഭക്ഷിച്ചില്ല. യേശുവിന് അതിൽ പ്രയാസം തോന്നി. അവിടുന്നു പറഞ്ഞു, 'അവർക്ക് ഭക്ഷിക്കുവാൻ എന്തെങ്കിലും ആഹാരം നമുക്കു കൊടുക്കാം'. അവിടുത്തേക്ക് മനുഷ്യൻറെ ഭൗതിക ആവശ്യങ്ങളെക്കുറിച്ച് കരുതലുണ്ടായിരുന്നു. അതു കൊണ്ടാണ് അവിടുന്നു നമ്മെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത്. ' ദിനം പ്രതി വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കുതരണമേ' അവിടുന്ന് എവിടെയെല്ലാം പോയോ, അവിടെ എല്ലാം മനുഷ്യരുടെ ദേഹിക്കു മാത്രമല്ല നന്മ ചെയ്തത്, എന്നാൽ അവരുടെ ദേഹത്തിനും നന്മ ചെയ്തു. രോഗികളും കഷ്ടത അനുഭവിക്കുന്നവർക്കുമായവർക്കു വേണ്ടി അവിടുന്നു കരുതി. 'ഓ അവൻ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനാണെന്നു' പറഞ്ഞ് അവിടുത്തെ ശത്രുക്കൾ പരിഹസിക്കത്തക്കവിധം അവിടുന്ന് ഏറ്റവും ഹീന പാപികൾക്കു വേണ്ടി കരുതി. അതെ, അവിടുന്ന് അതുതന്നെ ആയിരുന്നു. അവിടുന്ന് സമൂഹത്തിൽ ഏറ്റവും നിന്ദിക്കപ്പെട്ട ആളുകളുടെ സ്നേഹിതനായിരുന്നു. ഒരു യഥാർത്ഥ ദൈവഭക്തനും അങ്ങനെ തന്നെ ആയിരിക്കും.

നിങ്ങൾക്ക് അതു പോലെ ആയിരിക്കാൻ കഴിയും എന്ന് നിങ്ങൾക്കറിയാമോ, മറ്റുള്ളവരാൽ നിന്ദിക്കപ്പെടുന്നവരെ സ്നേഹിക്കുന്നതിൽ നിന്നും, സമൂഹത്തിൽ കീഴ്ത്തട്ടുകാരായവരെ സ്നേഹിക്കുന്നതിൽ നിന്നും നിങ്ങളെ തടയുന്നത് എന്താണ്? അത് നിങ്ങളുടെ തന്നെ അന്തസ്സിനെക്കുറിച്ചുള്ള ബോധമാണ്. നിങ്ങൾ യേശുവിനെ പോലെ ആകുവാൻ ആഗ്രഹിക്കുന്നില്ല. ബഹുമാന്യരായ ആളുകളുടെകൂടെയുള്ള ബഹുമാന്യമായ ഒരു

ക്രിസ്തീയതയാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. ഇല്ല, ചുറ്റും നടന്ന് സമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ട, കുഷ്ഠരോഗികളും, അതു പോലെയുള്ള മറ്റാളുകളുടെയും സുഹൃത്തുക്കളാകുന്നത് മനുഷ്യർക്ക് സ്വാഭാവികമല്ല. എന്നാൽ യേശു അതു ചെയ്തു. നിങ്ങൾക്കറിയാമോ, നമുക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുവാൻ സാധ്യതയുള്ളവരുമായി സുഹൃത്തുക്കളാകുവാൻ നാം ശ്രമിക്കുന്നു. നമ്മുടെ സ്നേഹം സ്വാർത്ഥപരമാണ്. യേശുവിൻറെ സ്നേഹം നിസ്വാർത്ഥമായിരുന്നു. അത് നിർമ്മലമായിരുന്നു. ഇന്നു കാണുന്ന സാംസ്കാരിക പരിഷ്ക്കാരത്താലും, മനോഹര വാക്കുകളാലുമല്ല നാം ക്രിസ്തുവിൻറെ സ്വഭാവം വെളിപ്പെടുത്തുന്നത്, അത സ്നേഹത്താലാണ് മറ്റുള്ളവരുടെ നന്മ അന്വേഷിക്കുന്ന ഒരു സ്നേഹം. യേശുവിനെപ്പോലെ അവരുടെ ദാസന്മാരായിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഒരു സ്നേഹം. യേശു അവരുടെ പാദങ്ങൾ കഴുകി, അവിടുത്തെ താഴ്മ കൊണ്ട് അവരിൽ മതിപ്പുളവാക്കുവാനല്ല, എന്നാൽ അവിടുന്ന് അവരെ സ്നേഹിച്ചതു കൊണ്ട്.